## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1524** **19-09-2025 - ൽ മറുപടിയ്ക്ക്**

## ഭിന്നശേഷി സംവരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി സംവരണ വിഷയത്തിലെ കോടതി വിധി ഒരു മാനേജ്മെന്റിന് മാത്രം ബാധകമാണെന്ന സർക്കാരിന്റെ നിലപാട് തുല്യനീതിയിൽ അധിഷ്ഠിതമായ ഭരണഘടനാപരമായ സമത്വാവകാശം (Article 14) ലംഘിക്കുന്നില്ലേ; വിശദീകരിക്കുമോ; | (എ) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമനങ്ങൾ സംബന്ധിച്ച് നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റ് ഫയൽ ചെയ്ത SLP(C)11373/2024 ൽ ബഹു. സുപ്രീം കോടതി 04.03.2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നത്. പ്രസ്തുത വിധിന്യായം നായർ സർവ്വീസ് സൊസൈറ്റി മാനേജ്മെന്റിന് കീഴിലുള്ള വിദ്യാലയങ്ങൾക്ക് മാത്രമാണ് ബാധകമാകുന്നതെന്നാണ് സർക്കാരിന് ലഭിച്ച നിയമോപദേശം. |
| (ബി) | തുല്യത ഉറപ്പാക്കുന്നതിനായി ഭിന്നശേഷി സംവരണം മറ്റ് മാനേജ്മെന്റ് സ്കൂളുകളിലും ഒരേ രീതിയിൽ ബാധകമാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും സ.ഉ.(കൈ)നം.45/2025/പൊ.വി.വ തീയതി 24-03-2025 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ. (കൈ) നം.123/2025/പൊവിവ തീയതി 28-06-2025 പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടന്നു വരികയാണ്. ആയതിനാൽ ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ച ഒഴിവുകളിലേക്കുള്ള നിയമന നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂളുകളിൽ തൊഴിൽ ഉറപ്പാക്കുന്നതിനായുള്ള നടപടികൾ നടന്നു വരുന്നു. |
| (സി) | വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവാദിത്വത്തിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ ഉറപ്പാക്കണമെന്ന് | (സി) | ഭിന്നശേഷി സംവരണ നിയമവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേന്ദ്ര നിയമത്തിന്റെയും, ബഹു. സുപ്രീം |

| | | | |
|---|---|---|---|
| | നിയമം വ്യക്തമാക്കുമ്പോൾ, അത് നടപ്പാക്കുന്നതിൽ വിദ്യാഭ്യാസ വകുപ്പ് കാണിക്കുന്ന വൈരുദ്ധ്യം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | | കോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും ഉത്തരവുകൾക്കും അനുസൃതമായിട്ടാണ് ഭിന്നശേഷി സംവരണം എല്ലാ എയ്ഡഡ് സ്കൂളുകളിലും നടപ്പാക്കിവരുന്നത്. |
| (ഡി) | നീതി ഉറപ്പാക്കാനുള്ള നടപടിയുടെ ഭാഗമായി അധ്യാപകരുടെ നിയമനാവകാശം സംരക്ഷിക്കാനും നിയമപ്രകാരം ഭിന്നശേഷി സംവരണം നടപ്പാക്കാനും സർക്കാർ സ്വീകരിച്ചുവരുന്ന അടിയന്തര നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു കൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും സ.ഉ.(കൈ)നം.45/2025/പൊ.വി.വ. തീയതി 24-03-2025 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി തുടർന്ന് ടി സമിതികളുടെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ.(കൈ) നം.123/2025/പൊവിവ തീയതി 28-06-2025 പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടന്നു വരികയാണ്. ആയതിനാൽ ഭിന്നശേഷിക്കാർക്കായി മാറ്റിവെച്ച ഒഴിവുകളിലേക്കുള്ള നിയമന നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഭിന്നശേഷിക്കാർക്ക് എയ്ഡഡ് സ്കൂളുകളിൽ തൊഴിൽ ഉറപ്പാക്കുന്നതിനായുള്ള നടപടികൾ നടന്നു വരുന്നു. ഭിന്നശേഷി നിയമനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് അധ്യാപക നിയമനങ്ങളും ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ